## പ്രതിഫലേച്ഛ കൂടാതെ മതപ്രബോധനം നടത്തണമെന്ന് വിശുദ്ധ ഖുർആൻ .....!!!!

### പ്രബോധനം എങ്ങനെ?.

പ്രതിഫലമില്ലാത്ത മതപ്രബോധനമാണ് ഖുർആനും മുഹമ്മദ് നബിയും നമ്മോട് ആവശ്യപ്പെടുന്നത്.

മതവും മതപ്രബോധനവും ഒരു കച്ചവടവും, വരുമാന മാർഗ്ഗവുമാക്കുന്നതിനെ ഒരു ദൈവിക ഗ്രന്ഥവും അംഗീകരിക്കുന്നില്ല. ഖുർആനും ഖുർആൻ പരിചയപ്പെടുത്തുന്ന ദൈവദൂതന്മാരും ഒരുപാട് സന്ദർഭങ്ങളിൽ ഈ തത്വം ആവർത്തിക്കുന്നതായി കാണാം. (10:72, 11:29, 11:51, 12:104, ......... 36:21, 38:86, 87, 68:46). സാക്ഷാൽ അല്ലാഹുവിന് മതവും ജാതിയും വർഗ്ഗവും ദേശവും ഭാഷയും ഇല്ലാത്തുതുപോലെ സർവ്വവ്യാപിയായ അവനെ പ്രതിഷ്ഠിക്കാനോ കുടിയിരുത്താനോ, ആരാധിക്കാനോ പ്രത്യേക സ്ഥലമോ രീതിയോ വേണ്ടതില്ല. എന്നാൽ ഈ തത്വം പ്രസംഗിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്ത ദൈവദൂതന്മാരുടെ പ്രാർത്ഥനകൾക്കും പ്രവർത്തന കേന്ദ്രങ്ങൾക്കും അമിത പ്രാധാന്യവും അമാനുഷികതയും ആരോപിച്ച് അവരുടെ മരണശേഷം അവരുടെ കേന്ദ്രങ്ങൾ പിൽകാലത്ത് തീർത്ഥാടനകേന്ദ്രങ്ങളായി മാറ്റപ്പെടുകയാണുണ്ടായത്. ആ തീർത്ഥാടനകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി ചൂഷകരായ മതപുരോഹിതന്മാർ ഒരുപാട് അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വളർത്തുകയും ചെയ്തു. വിശുദ്ധ ഖുർആനോ മുഹമ്മദ് നബിയോ, ഇബ്രാഹിം നബിയോ പഠിപ്പിക്കാത്ത കല്ലേറും, കല്ല് ചുംബനവും, കല്ലാരാധനയും 'സംസം' വെള്ളവുമൊക്കെ ഹജ്ജിന്റെയും ഇസ്ലാമിന്റെയും ഭാഗമായത് അങ്ങനെയാണ്. അതെല്ലാം 'ഹജ്ജി'നെക്കുറിച്ച് പഠിക്കുമ്പോൾ നമുക്ക് വ്യക്തമാകും.

**ചുരുക്കത്തിൽ 'നാം ഒന്ന്, നമ്മുടെ ദൈവം ഒന്ന് ' എന്ന മുദ്രാവാക്യവുമായി പരലോക മോക്ഷം കാംക്ഷിച്ച് കൊണ്ട് സ്വന്തം ആത്മാവിന്റെയും, സ്വന്തം ശരീരത്തിന്റെയും കുടുംബത്തിന്റെയും, നാടിന്റെയും, അതുവഴി ഈ പ്രപഞ്ചത്തിന്റെയും നന്മക്കുവേണ്ടി തന്നാൽ കഴിയുന്ന സേവനം ചെയ്തു ജീവിക്കുക 'സർവലോകത്തിനും സുഖം വരട്ടെ' എന്ന ചിന്തയുമായി ലോകനന്മക്കുവേണ്ടി പ്രവർത്തിക്കുക.....! അക്രമവും അനീതിയും എവിടെ കണ്ടാലും അതിന്നെതിരിൽ കഴിയുന്ന രീതിയിൽ പ്രതികരിക്കുക. ഇതാണല്ലോ ഖുർആൻ അടക്കമുള്ള എല്ലാ വേദഗ്രന്ഥങ്ങളുടെയും പൊരുൾ. (2:62, 5:68, 21:92, 23:52, 49:13, 2:213, 7:157, 23:96, 11:116, 5:2) സ്വന്തം മക്കൾക്കും, കുടുംബത്തിനും നമ്മോടടുപ്പമുള്ളവർക്കും ആ സന്ദേശം നൽകാൻ - ആ മതപ്രബോധനം നടത്താൻ, കാര്യമായ ചിലവൊന്നും ഇല്ലാ എന്നതും ഒരു സത്യമാണ്.**

ഖുർആൻ പറയുന്നത് കാണുക: 'സത്യവിശ്വാസികളേ; പണ്ഡിതന്മാരിലും, പുരോഹിതന്മാരിലുംപെട്ട അധികപേരും ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും ദൈവത്തിന്റെ (വേദത്തിന്റെ/ഖുർആനിന്റെ) മാർഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു'. (9:34)

ഖുർആനിൽ നിന്നും വ്യക്തമാവുന്ന സത്യദർശനങ്ങളും തത്വങ്ങളും കഴിയുന്നത്ര ലളിതമായി നമ്മുടെ സഹോദരന്മാരുടെ ശ്രദ്ധയിൽപെടുത്തുക എന്നതാണ് ഞങ്ങൾ അനുവർത്തിക്കുന്ന നയം. താല്പര്യമുള്ളവർക്ക് സ്വീകരിക്കാം. അല്ലാത്തവർക്ക് നിരാകരിക്കാം. കാരണം മതത്തിൽ യാതൊരു നിർബന്ധവുമില്ല. (2:256, 10:99, 11:28, 18:29, 41:46, 42:48)

ഇരുട്ടും വെളിച്ചവും പോലെ, കറുപ്പും വെളുപ്പും പോലെ, അസത്യവും സത്യവും വളരെ വ്യക്തമായി നമ്മുടെ മുമ്പിലുണ്ട്. നന്മയും തിന്മയും തിരിച്ചറിയാൻ പര്യാപ്തമായ വിശേഷബുദ്ധി നൽകിക്കൊണ്ടാണ് ദൈവത്തിന്റെ പ്രതിനിധിയായി മനുഷ്യനെ അല്ലാഹു ഈ ഭൂമിയിലേക്ക് അയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്ക് ഞങ്ങൾ മനസ്സിലാക്കിയ ഖുർആനിക സത്യങ്ങൾ എത്തിച്ചുകൊടുക്കുക എന്നതാണ് ഞങ്ങളുടെ നയം. കാരണം സ്വതന്ത്രചിന്തകർക്കും, സത്യാന്വേഷികൾക്കും, നന്നാവണമെന്നാഗ്രഹമുള്ളവർക്കും മാത്രമേ ഉൽബോധനം ഉപകാരപ്പെടൂ.

സത്യനിഷേധികളെ സംബന്ധിച്ചിടത്തോളം അവർക്ക് നീ താക്കീത് നൽകിയാലും ഇല്ലെങ്കിലും അവർ വിശ്വസിക്കുന്നതല്ല (2:6, 11:34) ഖുർആനിലുള്ള സത്യങ്ങൾ എത്ര ലളിതമായി പറഞ്ഞു കൊടുത്താലും, കാര്യകാരണസഹിതം വ്യക്തമാക്കി കൊടുത്താലും, മനസ്സിലാക്കാത്തവരും, മനസ്സിലായിട്ടും മനസ്സിലായില്ല എന്ന് നടിക്കുന്ന പാരമ്പര്യവാദികളും നമ്മുടെ സമൂഹത്തിലുണ്ട്. നബിപോലും വിചാരിച്ചാൽ നന്നാക്കാൻ പറ്റാത്ത അവരെ നമുക്ക് എങ്ങനെ നന്നാക്കാൻ പറ്റും ? (16:37, 28:56, 10:33, 8:63, 5:41, 63:6, 6:111, 112, 36:11, 2:88, 7:93, 10:96, 10:92, 2:6, 11:34, 43:22, 83, 89) അവരോട് 'സലാം.... പാമരന്മാരെ നമുക്കാവശ്യമില്ല' എന്നു പറഞ്ഞു. ഒഴിവാക്കി പോരാനാണ് ഖുർആനും മുഹമ്മദ് നബിയും നമ്മെ ഉണർത്തുന്നത്.

"ഈ ഖുർആനിനെ (ഈ ഉൽബോധനത്തെ) നാം ലളിതമാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവർ ആരുണ്ട് ?" (54:17, 54:32, 40) എന്നാണ് ഖുർആനും മുഹമ്മദ് നബിയും ആവർത്തിച്ചു ചോദിക്കുന്നത്. അല്ലാഹു നമുക്ക് കാണാനും, കേൾക്കാനും അതുവഴി ചിന്തിച്ചു മനസ്സിലാക്കാനും പര്യാപ്തമായ ചിന്താശക്തിയും വിശേഷബുദ്ധിയും നൽകിയിട്ടുണ്ട്. അല്ലാഹുവിന്റെ ഈ ഉൽബോധനമായ ഖുർആനിലെ വരികൾ കേട്ടാൽ പോലും ചിന്തിച്ചു പഠിക്കാതെ, അതപ്പടി 'വിഴുങ്ങരുതെ'ന്നാണ് ഖുർആനും മുഹമ്മദ് നബിയും വിശ്വാസികളെ ആഹ്വാനം ചെയ്യുന്നത് (25:73, 47:24, 38:29, 25:44, 10:100) (67:10, 7:179, 50:37, 8:22, 13:19, 17:36, 62:50) നബിതിരുമേനിയുടെ മരണം കഴിഞ്ഞു സുമാർ 30 വർഷം പിന്നിട്ടപ്പോൾ നബിയും ഖലീഫാ ഉമറുമൊക്കെ പടുത്തുയർത്തിയ ഖുർആൻ അധിഷ്ഠിത ദൈവീക ജനാധിപത്യഭരണം (യഥാർത്ഥ ഇസ്ലാമിക ഭരണം) മുആവിയയും മറ്റ് അറബിഗോത്രങ്ങളും ചേർന്ന് രാജഭരണമാക്കുകയും, ഇസ്ലാമികപ്രസ്ഥാനത്തെ 'സുന്നി' 'ശിയാ' എന്നിങ്ങനെ രണ്ട് അറേബ്യൻ ആചാരമതങ്ങളായി തരംതാഴ്ത്തുകയും ചെയ്തതായാണ് ചരിത്രം. ഈ ചരിത്രം മുസ്ലിംകളുടെ ശ്രദ്ധയിൽപ്പെടുത്തുക, 'അഹ്ലുസുന്നത്ത് വൽജമാഅത്ത് ' എന്ന (ഖുർആനും സുന്നത്തും എന്ന) സുന്നീമതത്തിന്റെയും, ഖുർആനും അഹ്ലുൽബൈത്തും എന്ന ശിയാ മതത്തിന്റെയും ഇസ്ലാം വിരുദ്ധ – ഖുർആൻ വിരുദ്ധ – സ്വഭാവം സത്യാന്വേഷകരായ മുസ്ലിംകളുടെ, വിശിഷ്യാ സുന്നി, മുജാഹിദ്, ജമാഅത്ത് മൗലവിമാരുടെ ശ്രദ്ധയിൽപ്പെടുത്തുക, കഴിഞ്ഞ കുറെ നൂറ്റാണ്ടുകളായി മതപുരോഹിതന്മാർ തന്ത്രപൂർവം മറച്ചുവെച്ചിരുന്ന ഖുർആനിക സത്യങ്ങൾ, ഖുർആൻ വിശ്വാസികളായ ഞങ്ങളുടെ സഹോദരന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുക, ലോകനന്മക്ക് വേണ്ടി തന്നാൽക്കഴിയുന്നതൊക്കെ ചെയ്യുക, മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുക, തിന്മയെ എവിടെക്കണ്ടാലും, മനസാ വാചാ കർമണാ, എതിർക്കാനും പ്രതികരിക്കാനും വിശ്വാസികളെ പ്രാപ്തരാക്കുക; എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് ഖുർആൻ വിശ്വാസികളുടെ ഒരു കൂട്ടായ്മയായ ഖുർആൻ സുന്നത്തു സൊസൈറ്റി പ്രവർത്തിക്കുന്നത്.

ഞങ്ങൾ മനസ്സിലാക്കിയ ഖുർആനിക സത്യങ്ങൾ, സത്യാന്വേഷികളായ ഞങ്ങളുടെ സഹോദരി സഹോദൻമാർക്കിടയിൽ പ്രചരിപ്പിക്കാൻ, ഇന്നു ലഭ്യമായ എല്ലാ മാദ്ധ്യമങ്ങളും ഞങ്ങൾ ഉപയോഗപ്പെടുത്തുന്നണ്ട്. പുസ്തകങ്ങളും, ലഘുലേഖകളും , നോട്ടീസുകളും ( Print Media) ചർച്ചകളും, സെമിനാറുകളും, ഓഡിയോ വീഡിയോ (Audio Video CD & Cassettes) കാസറ്റുകളും, ഇന്റർനെറ്റ് (Internet)

സംവിധാനവും ഞങ്ങൾ അതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ആദർശബന്ധുക്കളുടെ സഹായ സഹകരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.